# അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

# ആമുഖം

പൊതുവിദ്യാഭ്യാസം എന്ന ആശയം തനതായ രീതിയിലൂടെ നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. ദേശീയ വിദ്യാഭ്യാസനയം ലക്ഷ്യം വയ്ക്കുന്ന സാർവ്വത്രികമായ വിദ്യാഭ്യാസം ഗുണമേന്മയുള്ള വിദ്യാഭ്യാസം ഇവ നാം നേരത്തെ കൈവരിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ പൊതുവിദ്യാലയങ്ങളെയും ശക്തിപ്പെടുത്തുന്നതിൽ പൊതുസമൂഹം പങ്കാളികളാകുന്നത് നാടിന് അഭിമാനകരമാണ്. കുട്ടികളുടെ സർവതോൻമുഖമായ വികസനത്തിനു വേണ്ട പഠനാന്തരീക്ഷം ഒരുക്കൽ, വിദ്യാലയപ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പിക്കുന്നതിനുള്ള ഉതകിയ സംവിധാനങ്ങൾ ഒരുക്കൽ ഇവയ്ക്ക് പ്രാധാന്യം നൽകണം.

കുട്ടികളുടെ കഴിവ് കേവലം വിഷയപഠനത്തിലൊതുങ്ങാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതിൽ സമഗ്ര വികാസം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ് വേണ്ടത്. വരും തലമുറയെ ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടുന്നതിനും തനതായ ജീവിതരീതികളിലൂടെ കഴിവുള്ളവരും പ്രാപ്തരാക്കി മാറ്റുന്നതിനായി അക്കാദമിക മികവ് സഹായകമാകും. അക്കാദമിക മികവ് കൈവരിക്കുന്നതിന്റെ ഭാഗമായി ഓരോ കുട്ടിയുടെയും കഴിവും അറിവും അതത് പ്രായഘട്ടത്തിനനുസരിച്ചും കരിക്കുലം വിഭാവനം ചെയ്ത രീതിയിലും മുഴുവനും ഉയർന്ന തലത്തിൽ എത്തിക്കേണ്ടതുണ്ട്. അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് സാധ്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ.

ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്കു വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മുഖ്യധാര രേഖയാണ്. സമയബന്ധിതമായി രൂപപ്പെടുത്തുന്ന ഈ രേഖ നമ്മുടെ അക്കാദമിക നിലവാരം ഉയർത്തുമെന്നതിൽ സംശയമില്ല.

# ചരിത്രം

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ കൈനകരി പഞ്ചായത്തിലെ വാർഡിൽ പ്രകൃതിരമണീയമായ സ്ഥലത്ത് സ്ഥിതിചെയ്യുന്ന സരസ്വതി ക്ഷേത്രമാണ് ഗവ. യു. പി. സ്കൂൾ തോട്ടുവാത്തല. ഏകദേശം 116 വർഷം മുമ്പ് ആരംഭിച്ചതാണ് ഈ വിദ്യാലയം. അതിനുശേഷം 1962-ൽ ഈ വിദ്യാലയം ഗവൺമെന്റ് ഏറ്റെടുത്തു. കർഷകത്തൊഴിലാളികളുടെ മക്കളാണ് ഇവിടെ പഠിക്കുന്നതിൽ അധികവും. പ്രീപ്രൈമറി തുടങ്ങാൻ കഴിഞ്ഞത് സ്കൂളിന്റെ നേട്ടമായി കരുതുന്നു. വിദ്യാലയത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന SMC യും കുട്ടികളുടെ എല്ലാവിധ ഉയർച്ചയ്ക്കും വേണ്ടി ആത്മാർത്ഥ സേവനം കാഴ്ചവെയ്ക്കുന്ന ഒരുകൂട്ടം അധ്യാപകരും ഈ സ്കൂളിന്റെ നേട്ടം തന്നെ.

ഈ സ്കൂളിൽ ധാരാളം കുട്ടികൾ പഠിച്ചിരുന്നു. ഇവിടെ പഠിച്ച പലരും ഇന്ന് ഉന്നതസ്ഥാനങ്ങൾ വഹിക്കുന്നു. എന്നാൽ അൺ-എയ്ഡഡ് സ്കൂളുകളുടെ അതിപ്രസരവും സ്കൂളിന്റെ സമീപമുള്ള പാലത്തിന്റെ ശോചനീയമായ അവസ്ഥയും ഈ സ്കൂളിലെ കുട്ടികളുടെ എണ്ണത്തെ സാരമായി ബാധിക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | മാസം |
|---|---|---|
| വായന<br>ആസ്വാദനം<br>ഗ്രഹണം | • ചിത്ര വായന, വായനക്കാർഡ്<br>• ചെറിയ കഥകൾ കേൾക്കാനും, പറയാനും അവസരം ഒരുക്കുന്നു.<br>• ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്ന ഭാവാത്മക വായന, വായനോത്സവം എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്തംബർ |
| ലേഖനം<br>വായന | • ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.<br>• സംയുക്ത ഡയറി എഴുത്ത്<br>• ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ കണ്ടെത്തുന്നു. എഴുതുന്നു.<br>• [illegible] വ്യക്തിഗത രചനകൾക്ക് അവസരം<br>• സംയുക്ത ഡയറി എഴുത്ത് മെച്ചപ്പെടുത്തുന്നു.<br>• സംയുക്ത ഡയറി എഴുത്തിൽ കൂടി എഴുത്ത് കൂട്ടിലാക്കുന്നു. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ |

| | |
|---|---|
| രചനോത്സവം സംഘടിപ്പിക്കുന്നു. | ജനുവരി |
| • രചനോത്സവത്തിൽ കുട്ടികൾക്ക് സ്വതന്ത്ര രചനകൾ നടത്താൻ അവസരത്തോടൊപ്പം, കൈത്താങ്ങും നൽകുന്നു. | ഫെബ്രുവരി |
| • കുട്ടികളെ സ്വതന്ത്രരചയിതാക്കളും, വായനക്കാരുമായി മാറ്റുന്നു. | മാർച്ച്. |
| രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു. | |

| objectives | Activities | Month |
| --- | --- | --- |
| Listening | • Introduce Simple words<br>• Provides Picture cards. | June |
| Speaking<br>Reading | . Identify familiar words<br>. Say familiar words<br>. Read familiar words | July |
| Listening | • Enjoy Songs and Sings with Rhythm and action. | August |
| Writing | . Read and write Simple words and Simple Sentence<br>. Provides Picture Card and Reading Cards. | September. |

| | | |
|---|---|---|
| Writing | • Introduce Symbol Pictures descriptions<br>• make riddles, T.B. activities | October |
| | • Prepare reading cards<br>• Provide more opportunities to read, sight and Speak English | November |
| Reading, Writing | • Encourage digital reading | December |
| | • Enjoy Songs and sings them with rhythm and action.<br>• make picture albums.<br>• collect Pictures of animals and youngones | January |
| | • Provide more opportunities to read, sight and speak English. | February |
| | Speaks English<br>Read and write Simple Sentence<br>Picture reading and picture descript. | March. |

വിഷയം :- EVS (പരിസര പഠനം)

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ജൂൺ | • ചെടികൾ നിരീക്ഷിക്കുന്നു.<br>• പ്രകൃതി നടത്തം<br>• വിത്ത് മുളപ്പിക്കൽ<br>• വ്യത്യസ്ത തരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു.<br>• പരിസ്ഥിതി ദിനാചരണം<br>• ഹരിതകാർഡ് നിർമ്മാണം | SRG |
| ജൂലൈ | • വ്യത്യസ്ത തരം ജീവികളെ നിരീക്ഷണം ചിത്രശേഖരണം<br>• മണ്ണ് നിരീക്ഷണം<br>• ജൈവ വൈവിധ്യ ഉദ്യാന നിർമാണം | PTA, SRG |
| വർഷം മുഴുവൻ | • സ്കൂൾ ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ | SRG, PTA |
| ഓഗസ്റ്റ് | • മഴമാപിനി നിർമാണം<br>• ജലസംരക്ഷണ പോസ്റ്റർ നിർമാണം<br>• കിണർ സന്ദർശനം<br>• മണ്ണ് നിരീക്ഷണം<br>• മണ്ണ് കൊണ്ട് രൂപങ്ങൾ നിർമിക്കൽ<br>• മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ<br>• ആശയപടം തയ്യാറാക്കൽ | SRG |

| | | |
|---|---|---|
| സെപ്റ്റംബർ | • ശുചിത്വ പോസ്റ്റർ നിർമ്മാണം<br>• സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ<br>• ആരോഗ്യ ബോധവത്ക്കരണ സെമിനാർ<br>• Interview – ആരോഗ്യ പ്രവർത്തകർ | SRG, PTA |
| ഒക്ടോബർ | • ഫീൽഡ് ട്രിപ്പ് – പഴം, പച്ചക്കറികൾ<br>• ഫുഡ് ഫെസ്റ്റിവൽ<br>• എന്റെ ആരോഗ്യകാർഡ് – ഓരോ കുട്ടിക്കും<br>• BMI കാണുന്നു<br>• സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>• ശരിയായ ഭക്ഷണശീലം – Poster | PTA, MPTA<br>SRG |
| നവംബർ | • ആരോഗ്യ വിദഗ്ധരുടെ ക്ലാസ്<br>• റോൾപ്ലേ – റോഡ് നിയമങ്ങൾ<br>• First aid kit – തയ്യാറാക്കൽ<br>• First aid – [illegible]<br>* സ്വയ സുരക്ഷ – ചർച്ച<br>• ബോധവത്ക്കരണം | SRG, PTA<br>CPTA<br>PTA |
| ഡിസംബർ | • പരീക്ഷണങ്ങൾ, നിരീക്ഷണ പ്രവർത്തനം globe, ICT<br>• ഗ്ലോബ് നിർമ്മാണം<br>• ദേശീയ പതാക വരയ്ക്കൽ<br>• ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ | SRG |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | മാസം |
| --- | --- | --- |
| സംഖ്യാബോധം | • സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു<br>സംഖ്യാ കാർഡ് നിർമ്മിക്കൽ | ജൂൺ |
| | • ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കൽ | ജൂലൈ |
| | • ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു, കൂടുതൽ, കുറവ്.<br>• സംഖ്യാഗാനങ്ങൾ അവതരിപ്പിക്കൽ | ആഗസ്റ്റ് |
| | • ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലനം, വ്യവകലനം<br>• സംഖ്യാ ഗാനങ്ങൾ ആലപിക്കൽ | സെപ്റ്റംബർ |
| | • ഒറ്റ സംഖ്യ ഇരട്ടസംഖ്യ തിരിച്ചറിയൽ<br>വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ<br>• ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ | ഒക്ടോബർ |

| | | |
|---|---|---|
| സങ്കലനം | • സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.<br>• ഒറ്റ സംഖ്യയും, രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനം. | നവംബർ |
| | • സംഖ്യകൾ ആരോഹണ, അവരോഹണ ക്രമത്തിൽ എഴുതാൻ<br>• ഗണിത ആൽബം തയ്യാറാക്കൽ | ഡിസംബർ |
| വ്യവകലനം | ഒറ്റ സംഖ്യയും, രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലനം<br>സങ്കലനം, വ്യവകലന ചിഹ്നം തിരിച്ചറിയുന്നു | ജനുവരി |
| | ഗണിത ആൽബം പ്രദർശനം.<br>പ്രായോഗിക പ്രശ്ന നിർധാരണം. | ഫെബ്രുവരി. |
| | സംഖ്യകളുടെ പകുതി, തുല്യം, എന്നിവ തിരിച്ചറിയുന്നു.<br>ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റ് | മാർച്ച്. |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - ഊഹിക്കൽ ഏണിയും പാമ്പും, ഡയസ്. കച്ചവടക്കളി, ICT സാധ്യത | വർഷം മുഴുവൻ | SRG, Class Teacher |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കരചലനശേഷി വികാസം | ഒറിഗാമി നിർമാണം TANGRAM, ചിത്രനിർമാണം രൂപങ്ങൾ നിർമാണം | ഉചിതമായ സമയത്ത് | Class Teacher |
| പഠനോപകരണങ്ങളിലൂടെ പ്രായോഗിക കല്പം തിരിച്ചറിയൽ | ഗണിത ലാബ്, ഗണിതമൂല പാറ്റേൺ, പസിൽ, ഗണിത വസ്തുക്കളുടെ ചുവർ, ഗണിത നിർമാണം. ടി.എം. ശേഖരം - നിർമാണം | വർഷം മുഴുവൻ ആവശ്യാനുസരണം | HM Class Teacher SRG |
| ഗണിതശേഷികളുടെ പ്രകടനം. | പ്രശ്നോത്തരി, പസിൽ പാറ്റേൺ, പഠനോപകരണങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG Class Teacher SMC |

## അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല - എൽ.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം എഴുതാനും വായിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ | • പ്രിടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു എസ്.ആർ.ജി. ചർച്ച | ജൂൺ | മലയാളം അധ്യാപിക | 10000/- |
| | • മണലെഴുത്ത്<br>• ചിത്രങ്ങളിലെ തുടക്ക അക്ഷരം ഊഹിക്കുക - അക്ഷരകാർഡ് | ജൂലൈ | " | |
| | • ചിത്രം നോക്കി അക്ഷരകാർഡി | ജൂലൈ | " | |
| | ഇതുടെ, അക്ഷരങ്ങളുടെയും ചിഹ്നങ്ങളുടെയും ഉപയോഗിച്ച് പദ - വാക്യ നിർമാണം. | ജൂലൈ - ആഗസ്റ്റ് | " | |
| | ചിത്രം നോക്കി കഥ പറയൽ | ആഗസ്റ്റ്- സെപ്റ്റംബർ | അധ്യാപകർ (ഭാഷാ) | |
| | ചിത്രം നോക്കി കഥ എഴുതൽ | ആഗസ്റ്റ് ഒക്ടോബർ | " | |
| | വർണ്ണവായന - ICT. രചനാപ്രവർത്തനങ്ങൾ | നവംബർ | | |
| | ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തൽ | | | |
| | ICT. | | | |
| | അടിക്കുറിപ്പ്, പോസ്റ്റർ രചന | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| മാതൃഭാഷാനിലവാരം ഉയർത്തുക, ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക. | പത്രവായന, വിശകലനം | മലയാളം അധ്യാപിക. | എല്ലാ ദിവസവും | |
| | ലൈബ്രറി പുസ്തകവായന- കുറിപ്പ് തയ്യാറാക്കൽ | ,, | ആഴ്ചയിലൊരിക്കൽ | |
| | രചനാമത്സരങ്ങൾ- രചനകൾ ചേർത്ത് പതിപ്പ് | " | പ്രതിമാസം. | |
| | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും, മത്സരങ്ങളും. | വിഷയാധ്യാപകർ മലയാളം അധ്യാപിക. | പ്രതിമാസം. | |
| | ചുവർ പത്രിക, ഡോക്യുമെന്ററി പ്രദർശനം. | | | |
| സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കുന്നു. പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കുന്നു. | ലൈബ്രറി പുസ്തക പ്രദർശനം<br>ലൈബ്രറി സജീവമാക്കൽ<br>ആവശ്യമായ പുസ്തകങ്ങൾ വിതരണം (ക്ലാസ്സ് റൂമിൽ) | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രി |
|---|---|---|---|---|
| | നല്ല വായനാക്കുറിപ്പുകൾ - പ്രദർശനം. | മാസത്തിലൊരിക്കൽ. | | |
| | - മികച്ചതിന് സമ്മാനം. | 〃 | BMC. | |
| | ആനുകാലികപ്രസിദ്ധീകരണങ്ങൾ- വായന | | | |
| | വായനാ അനുഭവം - പങ്കിടൽ. | | | |
| സർഗശേഷി വികസിപ്പിക്കൽ. | വിദ്യാരംഗം സാഹിത്യവേദി | നവംബർ | വിദ്യാരംഗം കൺവീനർ | |
| | എഴുത്തുകാരൻമാർ/ സാഹിത്യകാരൻമാർ അഭിമുഖം | വർഷത്തിലൊരിക്കൽ | 〃 | |
| | സാഹിത്യകാരൻമാരെ/ പുസ്തകങ്ങൾ പരിചയപ്പെടൽ / ICT. | മാസം | 〃 | |
| | സർഗാത്മക രചനാ പതിപ്പ് | വർഷാവസാനം. | | |

## മേഖല - യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് വായിക്കാനും എഴുതാനും പരിശീലിപ്പിക്കുന്നു | Read and write :- ലളിതമായ വാക്കുകളും വാചകങ്ങളും ഉൾപ്പെടെ ഇംഗ്ലീഷ് വായിക്കാൻ പരിശീലിക്കുന്നു. റീഡിംഗ് കാർഡുകൾ ഉപയോഗപ്പെടുത്തുന്നു. Dictionary യുടെ ഉപയോഗം പരിശീലിപ്പിക്കുന്നു. | ജൂൺ ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow me if you can :- ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | Treasure Hunt :- വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അറകളുണ്ടാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. വസ്തു ഏതെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| | <u>Reader of the month</u>:- ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the month നെ തിരഞ്ഞെടുക്കുന്നു. | ഒക്ടോബർ നവംബർ ഡിസംബർ | ഇംഗ്ലീഷ് അദ്ധ്യാപകർ | |
| 3) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | <u>Alert Zone</u>:- സൂചന ബോർഡുകൾ, പോസ്റ്ററുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | | |
| | <u>Fun time funda</u>! കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | എല്ലാ ആഴ്ചകളിലും ഇംഗ്ലീഷ് പീരിയഡുകളിൽ | ഇംഗ്ലീഷ് അദ്ധ്യാപകർ | |
| | <u>My droplets</u>:- കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. PTA യിൽ Role play അവതരിപ്പിക്കാൻ അവസരം നൽകുന്നു. | വർഷാവസാനം. | ഇംഗ്ലീഷ് അദ്ധ്യാപകർ | |

## പ്രവർത്തന പദ്ധതി

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | നടപ്പാക്കുന്നത് | പ്രതീക്ഷിക്കുന്ന നേട്ടം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി തിരിച്ചറിയൽ കാർഡ് | V-ാം ക്ലാസ് മുതൽ VII-ാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും പേര്, ക്ലാസ്, സ്കൂൾ ഉൾപ്പെടുത്തിയ കാർഡ് [ഹിന്ദി പഠനത്തിന മാത്രം] | ജൂൺ | അധ്യാപിക | ഹിന്ദി ക്ലബ്ബ് | अपने बारे में लिखना, प्रोफाइल तैयार करना, विविध प्रकार के नाम पहचानना |
| ഹഫ്തെ കാ ശബ്ദ് | ഓരോ ആഴ്ചയും ഓരോ പുതിയ വാക്ക് കുട്ടികളെ പരിചയപ്പെടുത്തുന്നു. | ജൂൺ മുതൽ | ഹിന്ദി ക്ലബ്ബ്/ അധ്യാപിക | ഹിന്ദി ക്ലബ്ബ് | शब्द भंडार का विकास<br>नये-नये शब्दों को जानना |
| ഹിന്ദി അസംബ്ലി | എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു. വാർത്ത, മഹത് വചനം, ചിന്താവിഷയം, സാഹിത്യകാരെ പരിചയപ്പെടുത്തൽ, പ്രശ്നോത്തരി മുതലായവ ഉൾപ്പെടുത്തി ഹിന്ദിയുടെ അന്തരീക്ഷം സൃഷ്ടിക്കുന്നു. | ജൂൺ മുതൽ | അധ്യാപിക/ ഹിന്ദി ക്ലബ്ബ് | ഹിന്ദി ക്ലബ്ബ് | स्कूल के सभी सदस्यों को हिंदी के विभिन्न प्रार्थना, समाचार, साहित्यकारों की जानकारी, अनमोल वचन, पुस्तक परिचय आदि सुनने का अवसर<br>हिंदी का वातावरण |

## പ്രവർത്തന പദ്ധതി

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | നടത്തുന്നത് | പ്രതീക്ഷിക്കുന്ന നേട്ടം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി തിരിച്ചറിയൽ കാർഡ് | V-ാം ക്ലാസ് മുതൽ VII-ാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും പേര്, ക്ലാസ്, സ്കൂൾ ഉൾപ്പെട്ട തിരിച്ചറിയൽ കാർഡ് [ഹിന്ദി പഠനത്തിന് മാത്രം] | ജൂൺ | അധ്യാപിക | ഹിന്ദി ക്ലബ് | अपने बारे में लिखना, प्रोफाइल तैयार करना, विविध प्रकार के नाम पहचानना |
| ശബ്ദ ഭണ്ഡാരം | ഓരോ ആഴ്ചയും ഓരോ പുതിയ വാക്ക് കുട്ടികളെ പരിചയപ്പെടുത്തുന്നു. | ജൂൺ മുതൽ | ഹിന്ദി ക്ലബ്/ അധ്യാപിക | ഹിന്ദി ക്ലബ് | शब्द भंडार का विकास<br>नये-नये शब्दों को जानना |
| ഹിന്ദി അസംബ്ലി | എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു. വാർത്ത, മഹത് വചനം, ചിന്താവിഷയം, സാഹിത്യകാരെ പരിചയപ്പെടുത്തൽ, പ്രശ്നോത്തരി മുതലായവ ഉൾപ്പെടുത്തി ഹിന്ദിയുടെ അന്തരീക്ഷം സൃഷ്ടിക്കുന്നു. | ജൂൺ മുതൽ | അധ്യാപിക/ ഹിന്ദി ക്ലബ് | ഹിന്ദി ക്ലബ് | स्कूल के सभी सदस्यों को हिंदी के विभिन्न प्रार्थना, समाचार, साहित्यकारों की जानकारी, अनमोल वचन, पुस्तक परिचय आदि सुनने का अवसर हिंदी का वातावरण |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | നടപ്പാക്കുന്നത് | പ്രതിഫലിക്കുന്ന നേട്ടം |
|---|---|---|---|---|---|
| ഹിന്ദി ക്ലാസ് ലൈബ്രറി | • ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി<br>• ക്ലാസിന്റെ നിലവാരമനുസരിച്ച് പുസ്തകം ശേഖരിക്കുന്നു.<br>• വായന ഉറപ്പാക്കുന്നു.<br>• കുറിപ്പുകൾ എഴുതിക്കുന്നു. | ജൂൺ മുതൽ | അധ്യാപിക/ ഹിന്ദി ക്ലബ് | ഹിന്ദി ക്ലബ് | • हिंदी पढ़ने में रुचि बढ़ती है।<br>• कक्षा में अनुशासन बढ़ता है।<br>• नयी-नयी जानकारी मिलती है। |
| ഹിന്ദി ക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കൽ, ഐ.സി.ടി ഉപയോഗം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കൽ | • ജൂൺ മാസത്തിൽ ക്ലബ് രൂപീകരിക്കുന്നു.<br>• പാഠഭാഗങ്ങൾ ഐ.സി.ടി സഹായത്തോടെ ലളിതമാക്കുന്നു<br>• പ്രധാനപ്പെട്ട പ്രസന്റേഷനുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. | ജൂൺ മുതൽ | അധ്യാപിക/ ഹിന്ദി ക്ലബ് | ഹിന്ദി ക്ലബ് | • हिंदी पढ़ने में रुचि बढ़ती है।<br>• आसानी से पाठभाग का आशय समझ लेता है। |
| ഹിന്ദി പ്രദർശന ബോർഡ് ഓരോ ക്ലാസിലും | ഹിന്ദി പ്രദർശന ബോർഡ് ഓരോ ക്ലാസിലും തയ്യാറാക്കി വയ്ക്കുന്നു. | ജൂൺ മുതൽ | അധ്യാപിക/ ഹിന്ദി ക്ലബ് | ഹിന്ദി ക്ലബ് | • हिंदी पढ़ने में रुचि बढ़ती है।<br>• बच्चों की उपज का प्रदर्शन |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | നടപ്പാക്കുന്നത് | പ്രതീക്ഷിക്കുന്നനേട്ടം |
|---|---|---|---|---|---|
| ദിനാചരണങ്ങൾ ഹിന്ദിയിൽ | ദിനാചരണങ്ങൾ ഹിന്ദിക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ്സും പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് നടത്തുന്നു. | ജൂൺ മുതൽ | അധ്യാപിക/ ഹിന്ദിക്ലബ് | ഹിന്ദി ക്ലബ് | बच्चों की उपज |
| എന്റെ ഹിന്ദി ബുക്ക് | ഓരോ കുട്ടിക്കും അവരുടെ സ്വന്തം ഹിന്ദി ബുക്ക്. കുട്ടികൾ ഇഷ്ടപ്പെട്ട പേര് നല്കുന്നു. പോർട്ട്ഫോളിയോ ആയി ഉപയോഗിക്കാം. ഇതിൽ കുട്ടിശേഖരിക്കുന്ന ഹിന്ദിയുമായി ബന്ധപ്പെട്ടതെല്ലാം രേഖപ്പെടുത്താം. | ജൂൺ മുതൽ | അധ്യാപിക/ ഹിന്ദിക്ലബ് | ഹിന്ദി ക്ലബ് | विविध उपजों का संकलन |
| നിരന്തര മൂല്യനിർണ്ണയത്തിലൂടെ പഠനപുരോഗതി വിലയിരുത്തി തുടർപ്രവർത്തനങ്ങളുടെ ആസൂത്രണം. | നിരന്തര മൂല്യനിർണ്ണയത്തിന് കൂടുതൽ ശ്രദ്ധ നല്കി ഓരോ കുട്ടിയുടെയും പഠനപുരോഗതി വിലയിരുത്തി പഠനനേട്ടം നേടിയെന്നുറപ്പുവരുത്തുകയും ഇല്ലെങ്കിൽ തുടർപ്രവർത്തനങ്ങളുടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | ജൂൺ മുതൽ | അധ്യാപിക | എസ്.ആർ.ജി | सतत एवं समग्र मूल्यांकन से बच्चों की अध्ययन की जाँच समय-समय पर कर सकते हैं। इसके अनुसार हर एक छात्र की प्रगति जान सकते हैं। |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | നടപ്പാക്കുന്നത് | പ്രതീക്ഷിക്കുന്ന നേട്ടം |
|---|---|---|---|---|---|
| ഹിന്ദി നോട്ട്ബുക്ക് സമഗ്രവും ആകർഷകവുമാക്കുക | ഓരോ കുട്ടിയുടെയും ഹിന്ദി നോട്ട്ബുക്ക് സമഗ്രവും ആകർഷകവുമാക്കുന്നു. ഇതിനായി കുട്ടികളെ സഹായിക്കുവാൻ രക്ഷിതാക്കളെ അറിയിക്കുകയും ചെയ്യുന്നു. | ജൂൺ | അധ്യാപിക | എസ്.ആർ.ജി | · हिंदी पढ़ने में रुचि बढ़ती है। ·हिंदी लिखने में रुचि बढ़ती है। · सतत एवं समग्र मूल्यांकन में सहायक सामग्री। |
| ഹിന്ദി സ്കിറ്റ്, റോൾ പ്ലേ, കൊറിയോഗ്രാഫി | · പാഠഭാഗങ്ങൾ വിവിധയിനം രൂപങ്ങളിൽ അവതരിപ്പിക്കുന്നു. · എല്ലാകുട്ടികളുടെയും മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | സെപ്റ്റംബർ മുതൽ | അധ്യാപിക | ഹിന്ദിക്ലബ് | ·हिंदी पढ़ने में रुचि बढ़ती है। · बोलने की क्षमता बढ़ता है। |
| ഹിന്ദി വർക്ക്ഷീറ്റ് നിർമാണം, ഉപയോഗം. | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു. ഫലപ്രദമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു. വിലയിരുത്തുന്നു. | ആഗസ്റ്റ് മുതൽ | അധ്യാപിക | എസ്.ആർ. ജി | वाचन, लेखन क्षमता प्राप्त करता है। |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | നടപ്പാക്കുന്നത് | പ്രതീക്ഷിക്കുന്ന നേട്ടം |
| --- | --- | --- | --- | --- | --- |
| ഹിന്ദി കയ്യെഴുത്ത് മാസിക | ജൂൺ മാസം മുതൽ തയ്യാറാക്കുന്ന കുട്ടികളുടെ ഉല്പന്നങ്ങൾ ഹിന്ദി ദിനത്തിൽ ക്രോഡീകരിച്ച് കയ്യെഴുത്തു മാസികയായി അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു. | ജൂൺ മുതൽ സെപ്തംബർ വരെ | അധ്യാപിക/ ഹിന്ദി ക്ലബ് | ഹിന്ദി ക്ലബ് | · हिंदी पढ़ने में रुचि बढ़ती है। <br> · लेखन क्षमता का विकास। |
| ഹിന്ദി പ്രശ്നോത്തരി | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഹിന്ദി ക്വിസ് നടത്തി വിജയികൾക്ക് ഹിന്ദി അസംബ്ലിയിൽ സമ്മാനം നല്കുന്നു. | ജൂൺ മുതൽ | അധ്യാപിക | ഹിന്ദി ക്ലബ്/ അധ്യാപിക | · नये- नये शब्द सुनते हैं। <br> · हिंदी पढ़ने में रुचि बढ़ती है। <br> · सामान्य ज्ञान बढ़ता है। |
| | | | | | |

## മേഖല - യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിതസാഹചര്യത്തിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രം തിരിച്ചറിയൽ. | പരീക്ഷണക്കളരി: നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ചുള്ള പരീക്ഷണങ്ങളിൽ ഏർപ്പെടൽ. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, കുട്ടികൾ. | |
| | ശലഭോദ്യാനം: ചിത്രശലഭങ്ങളെ ആകർഷിക്കാനായി ശലഭോദ്യാന നിർമ്മാണം. | അക്കാദമിക വർഷം. | PTA, ശാസ്ത്രാധ്യാപകർ, വിവിധ ക്ലബ്ബുകൾ | PTA, സയൻസ് ക്ലബ്ബ് |
| | ശാസ്ത്രവിസ്മയച്ചുമർ: ശാസ്ത്രവിസ്മയച്ചുമർ ഓരോ ക്ലാസിലും തയ്യാറാക്കുന്നു. | ജൂൺ, ജൂലൈ മാസത്ത്. | ശാസ്ത്രാധ്യാപകർ. | |
| | കണ്ടറിയാനൊരു യാത്ര: കാവുകൾ സന്ദർശനം, മറ്റ് ആവാസവ്യവസ്ഥകളെ പരിചയപ്പെടൽ, പ്രകൃതിയെ അറിയാൻ യാത്രകൾ. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക. | യുറേക്കാ: കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി ശാസ്ത്ര മാസികകൾ ഉൾപ്പെടുത്തി ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. | |
| 3) ആധുനിക ശാസ്ത്രമേഖലകൾ ICT യുടെ സഹായങ്ങളുമായി ബന്ധപ്പെടുത്തി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര: ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ. | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർധിപ്പിക്കാൻ. | മാസ്റ്റർമൈന്റ്: ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്രമേഖലകളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, ആരോഗ്യ ക്ലബ്ബ്, സയൻസ് ക്ലബ്ബ്. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിച്ച് നേടിയെടുക്കൽ. | അറിവുതോട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| | അന്തർദേശീയ തലം മുതൽ ജില്ലാ തലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി ICT സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | സെപ്റ്റംബർ മാസം (അക്കാദമിക വർഷാരംഭം.) | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് തിരഞ്ഞെടുക്കാൻ ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | ഒക്ടോബർ മാസം (അക്കാദമിക വർഷാരംഭം) | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാവിനെ ബോധവാന്മാരാക്കുന്നു | അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുന്നു | (അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

അക്കാദമിക മാസ്റ്റർ പ്ലാൻ യു. പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| (1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, അബാക്കസ്) | ജൂൺ മാസം | ഗണിത അധ്യാപകൻ |
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തുക | ജൂലൈ - ഓഗസ്റ്റ് മാസം<br>ആവശ്യാനുസരണം | ഗണിത അധ്യാപകരും കുട്ടികളും |
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി അവ നിർമ്മിക്കൽ. | സെപ്തംബർ മാസം.<br>ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് |

| | | | |
|---|---|---|---|
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത ശാസ്ത്രം ഗണിതവുമായി നിത്യജീവിത സന്ദർഭങ്ങളെ ബന്ധപ്പെടുത്തി ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | ഒക്ടോബർ മാസം വർഷത്തിൽ ഒന്നോ രണ്ടോ തവണ | ഗണിത അധ്യാപകർ, ഇംഗ്ലീഷ് ടീച്ചർ |
| ആധുനികശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.സി.ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, പോലുള്ള പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്തുന്നു, കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പം കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് പോരായ്മകൾ കണ്ടെത്തി നിരവധി പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും |